# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: **18.08.2021** മുതൽ **22.08.2021**വരെ)

## കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/ കെ.എസ്.ഡി. 66/2021 | തീയ്യതി: 17/08/2021 |
|---|---|

### എ. പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 70.4 | 27.0 – 30.0 | 22.5 – 24.0 | 71 - 100 | 00 – 06 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 18-08-2021 | 19-08-2021 | 20-08-2021 | 21-08-2021 | 22-08-2021 |
|---|---|---|---|---|---|
| മഴ, മി.മീ | 4 | 6 | 6 | 5 | 5 |
| കൂടിയ താപനില, °C | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില, °C | 25 | 25 | 25 | 25 | 25 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 96 | 96 | 96 | 96 | 96 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 7 | 7 | 7 | 4 | 3 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 270 | 270 | 320 | 270 | 270 |
| മേഘ വിന്യാസം, ഒക്ടാ | 8 | 8 | 8 | 8 | 7 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| | |
|---|---|
| പൊതു നിർദ്ദേശങ്ങൾ | മിതമായ മഴ ലഭിക്കും.<br>**വിസ്തൃത മഴ പ്രവചനന പ്രകാരം അടുത്ത രണ്ടാഴ്ചകളിൽ പരക്കെ ശരാശരിയേക്കാൾ മഴ ഉണ്ടായേക്കാം.**<br>നെല്ല് കതിരിട്ടു മണികൾ നിറയുന്ന സമയമായി. വയലുകളിൽ ജല നിർഗമന ചാലുകളിലെ കളകളും മറ്റു തടസ്സങ്ങളും പൂർണമായി നീക്കം ചെയ്യുക. ഒരു അത്യാവശ്യ ഘട്ടം വന്നാൽ എളുപ്പം തുറക്കാൻ പറ്റുന്ന രീതിയിലുള്ള തടയണകൾ മാത്രമേ പാടുള്ളൂ. |

| | | | |
|---|---|---|---|
| നെല്ല് | ധാന്യം നിറയുന്ന പരുവം | തവിട്ടു പുള്ളിക്കുത്ത്<br> | ഹെക്സകൊണസോൾ (2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) ഇലകളിൽ തളിക്കുക. |
| നെല്ല് | കതിര് വരുന്ന സമയം | ചാഴി<br> | നെല്ലിൽ പാൽ നിറയുന്ന സമയത്ത് ചാഴിയുടെ ആക്രമണത്തിനെതിരെ ജാഗ്രത പുലർത്തുക. പാടത്തും വരമ്പത്തും ഉള്ള കളകൾ നീക്കം ചെയ്യുക.<br>ചാഴിയുടെ ആക്രമണം കണ്ടാൽ ഫിഷ് അമിനോ ആസിഡ് 20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തയ്യാറാക്കിയ ലായനി തളിക്കുക. |
| കുരുമുളക് | പുതുതായ് നട്ടത് | ദ്രുത വാട്ടം<br> | റീഡോമിൽ (2ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) അല്ലെങ്കിൽ കോപ്പർ ഓക്സീ ക്ളോറൈഡ് (3ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) തളിക്കുക. ഇതേ രീതിയിൽ തയ്യാറാക്കിയ ലായനി അഞ്ചു ലിറ്റർ വീതം ഓരോ വള്ളിയുടെയും ചുവട്ടിലെ മണ്ണിൽ കുതിർക്കുകയും ചെയ്യുക |
| തെങ്ങ് | വിവിധ ഘട്ടം | കൂമ്പ്ചീയൽ<br> | മുൻകരുതലായി മാങ്കോസേബ് നിറച്ച, സുഷിരങ്ങൾ ഇട്ട ചെറു പോളിത്തീൻ പാക്കറ്റുകൾ (5 ഗ്രാം ) മൂന്നു പാക്കറ്റ് വീതം ഓരോ തെങ്ങിൻറെ കൂമ്പിനു ചുറ്റും കവിളിൽ വയ്ക്കുക. മഴ പെയ്യുമ്പോൾ മരുന്ന് കുറേശെയായി ഒലിച്ചിറങ്ങുന്നത് വഴി ഈ രോഗം ഒരു പരിധി വരെ നിയന്ത്രിക്കപ്പെടും. രോഗം ബാധിച്ച തെങ്ങിലും അടുത്തുള്ള തെങ്ങുകളിലും 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക. |

| | | | |
|---|---|---|---|
| വഴുതിന | വളർച്ചാ ഘട്ടം | ഇലപ്പേൻ  | കാർഷിക സർവ്വകലാശാല പുറത്തിറക്കിയ ജൈവ കീടനാശിനി "രക്ഷ" ഒരു ലിറ്റർ വെള്ളത്തിന് 10 ഗ്രാം വീതം കലർത്തി തയ്യാറാക്കി ഇലകളുടെ ഇരു വശങ്ങളിലും തണ്ടിലും തളിക്കുക.<br><br>ആക്രമണം രൂക്ഷമാണെങ്കിൽ ക്വിനാൽഫോസ് ഒരു ലിറ്റർ വെള്ളത്തിന് 2 മില്ലി വീതം കലർത്തി തയ്യാറാക്കി ഇലകളുടെ ഇരു വശങ്ങളിലും തണ്ടിലും തളിക്കുക. |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി